"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ശാസ്ത്ര സാങ്കേതിക വകുപ്പ് - കൗൺസിലിന്റെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ - "3425-60-200-71-02-36-പ്ലാൻ" - 33.33 ലക്ഷം രൂപ രണ്ടാം ഗഡുവായി അനുവദിക്കുന്നു - ഉത്തരവാകുന്നു.

---

ശാസ്ത്ര സാങ്കേതിക വകുപ്പ്

സ.ഉ.(സാധാ) നം.60/2021/S&TD തീയതി,തിരുവനന്തപുരം, 13/12/2021

---

പരാമർശം:-

1. 7/05/2021 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 23/2021/ശാ.സാ.വ..
2. 3/06/2021-തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ. 16/2021/ശാ.സാ.വ.
3. 12/08/2021 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ.. 36/2021/ശാ.സാ.വ
4. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ മെമ്പർ സെക്രട്ടറിയുടെ 20/10/2021 തീയതിയിലെ കെ.എസ്.സി.എസ്.റ്റി.ഇ/500/2021-സി5 നമ്പർ കത്ത്

ഉത്തരവ്

2021-22 സാമ്പത്തിക വർഷം "കൗൺസിലിന്റെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ" എന്ന പദ്ധതിയ്ക്ക് കഴിഞ്ഞ സാമ്പത്തിക വർഷാവസാനം സർക്കാർ റെസ്യൂം ചെയ്ത ഇനത്തിൽ, "3425-60-200-71-02-36-പ്ലാൻ" എന്ന ശീർഷകത്തിൽ നിന്നും 6,28,965/-രൂപ പരാമർശം (1) പ്രകാരം, അനുവദിക്കുകയുണ്ടായി.

2. ടി പദ്ധതിയ്ക്ക് 2021-22 സാമ്പത്തിക വർഷം 100 ലക്ഷം രൂപയുടെ ഭരണാനുമതി 3/06/2021-ലെ പരാമർശം (2) പ്രകാരം നൽകുകയുണ്ടായി.

3. ടി പദ്ധതിയ്ക്ക് പരാമർശം (3) പ്രകാരം, ആദ്യഗഡുവായി 23.33 ലക്ഷം രൂപ അനുവദിയ്ക്കുകയുണ്ടായി.

4. ടി പദ്ധതിയ്ക്ക് രണ്ടാം ഗഡുവായി 33.33 ലക്ഷം രൂപ അനുവദിയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശിത കത്ത് പ്രകാരം, കൗൺസിൽ മെമ്പർ സെക്രട്ടറി ശിപാർശ സമർപ്പിച്ചിരുന്നു.

5. സർക്കാർ വിഷയം പരിശോധിച്ചു. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ "അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ" എന്ന പദ്ധതിയ്ക്ക് "3425-60-200-71-02-36- പ്ലാൻ " എന്ന ശീർഷകത്തിൽ നിന്നും 33.33 ലക്ഷം രൂപ (മുപ്പത്തിമൂന്ന് ലക്ഷത്തി മുപ്പത്തിമൂവായിരം രൂപ മാത്രം) രണ്ടാം ഗഡുവായി താഴെപറയുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്കു വിധേയമായി റിലീസ് ചെയ്യുന്നതിന് അനുമതി നല്കുന്നു.

i. റിലീസ് ചെയ്യുന്ന തുക കൗൺസിലിന്റെ PSTSB അക്കൗണ്ടിൽ മാത്രമേ ക്രെഡിറ്റ് ചെയ്യാൻ പാടുള്ളു.

ii. 29/08/2009 തീയതിയിലെ സർക്കുലർ നമ്പർ.75/09/ധന, 09/12/2008 തീയതിയിലെ സർക്കുലർ നമ്പർ.84/08/ധന, 11.9.2020 തീയതിയിലെ സർക്കാർ ഉത്തരവ്(കൈ) നമ്പർ.93/2020/ധന എന്നിവയിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

iii. 09/01/2018 തീയതിയിലെ സർക്കാർ ഉത്തരവ്(കൈ) നമ്പർ.4/2020/ധന പ്രകാരമുള്ള വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്. കൂടാതെ, 11/9/2020 തീയതിയിലെ സർക്കാർ ഉത്തരവ്(കൈ) നമ്പർ.93/2020/ധന പ്രകാരം ഓഡിറ്റ് ചാർജ്ജ് കുടിശികയില്ലെന്ന സാക്ഷ്യപത്രം കൂടെ സമർപ്പിക്കേണ്ടതാണ്.

iv. വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രൊഫ.ഡോ.കെ.പി സുധീര്

എക്സ് ഒഫിഷ്യോ പ്രിൻസിപ്പൽ സെക്രട്ടറി

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, പട്ടം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.

സബ്-ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ്-ട്രഷറി, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ധനകാര്യ വകുപ്പ് [1816637 / PU-C4/91/2021-FIN ] പ്രകാരം

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Baladevi.t.p.
Date: 16-12-2021 16:49:03
Reason: Approved